**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1776** **08-02-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യസുരക്ഷാമിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിയിൽ 2018 ഏപ്രിൽ മുതലുള്ള അപേക്ഷകരെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | 11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ആശ്വാസകിരണം പ്രകാരം, മുഴുവൻ അപേക്ഷകർക്കും ധനസഹായം നൽകുന്നതിനാവശ്യമായ പദ്ധതി വിഹിതം ലഭ്യമല്ലാത്തിനാൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പു കൽപ്പിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക വിഹിതം ആവശ്യമായി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ പ്രസ്തുത തീയതിക്ക് ശേഷമുള്ള അപേക്ഷകൾ, ഫണ്ട് ലഭ്യതയ്ക്കനുസൃതമായി, അർഹത പരിശോധിച്ച് ധനസഹായം നൽകുന്നകാര്യം പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) | അർഹരായ എല്ലാ അപേക്ഷകരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബഡ്ജറ്റ് വിഹിതം വർധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ആശ്വാസകിരണം പ്രകാരം, മുഴുവൻ അപേക്ഷകർക്കും ധനസഹായം നൽകുന്നതിനാവശ്യമായ പദ്ധതി വിഹിതം ലഭ്യമല്ലാത്തിനാൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പു കൽപ്പിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക വിഹിതം ആവശ്യമായി വരുന്നുണ്ട്.<br><br>എന്നാൽ പ്രസ്തുത തീയതിക്ക് ശേഷമുള്ള അപേക്ഷകൾ, ഫണ്ട് ലഭ്യതയ്ക്കനുസൃതമായി, അർഹത പരിശോധിച്ച് ധനസഹായം നൽകുന്നകാര്യം പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ